# MALANKARA JACOBITE SYRIAN SUNDAY SCHOOL ASSOCIATION - Reg.No.ER/308/07

**(Under the Holy Apostolic See of Antioch and All the East)**

*General Secretary,*

**CHEV.M.J.MARKOSE**
**MAMALAYIL, EZHAKKARNAD P.O.**
**PUTHENCRUZ - 682308**
**PH: 0485 2246211, 9745046911,8073580719**

**M.J.S.S.A. HEAD QUARTERS**
**Puthencruz - 682 308**
**Kerala, India**
**Ph & Fax : 0484-2730150, 8078157150**
**Website : www.mjssa.in**
**Email : mjssahq@gmail.com**


**No. M/C/003/ 2018**

**Date:10-04-2018**

**കർത്താവിൽ പ്രിയ സഹപ്രവർത്തകരെ,**

എം.ജെ.എസ്.എസ്.എ.യുടെ പ്രവർത്തനങ്ങൾ നിങ്ങളേവരുടേയും പ്രാർത്ഥനയാലും സഹകരണത്താലും ഏറെ ഭംഗിയായി മുന്നോട്ടു കൊണ്ടുപോകുവാൻ സാധിക്കുന്നതിൽ ദൈവത്തെ മഹത്വപ്പെടുത്താം. ദൈവത്തിൽ ആശ്രയിച്ച് നമുക്ക് ഒരുമിച്ച് എം.ജെ.എസ്.എസ്.എ.യുടെ പുരോഗതിക്കായി; ഈ മഹാപ്രസ്ഥാനത്തിന്റെ നന്മയെ കരുതി പ്രവർത്തിക്കാം. വളരെ അടിയന്തിരമായി നടപ്പിലാക്കേണ്ട താഴെ പറയുന്ന കാര്യങ്ങൾ നിങ്ങളുടെ ശ്രദ്ധ യിൽപ്പെടുത്തുന്നു.

1. ക്യാമ്പ് സൈറ്റ് നിർമ്മാണം (കൂപ്പൺ കളക്ഷൻ 31.5.2018 നകം അവസാനിപ്പിക്കുക.)

സാമ്പത്തിക ബുദ്ധിമുട്ട് മൂലം ക്യാമ്പ് സൈറ്റ് നിർമ്മാണ പ്രവർത്തനങ്ങൾ താത്ക്കാലികമായി നിർത്തിവച്ചിരിക്കുകയായിരുന്നുവല്ലോ. 20.3.2018 ൽ ശ്രേഷ്ഠ കാതോലിക്ക ബാവാ തിരുമേനിയുടെ അനുഗ്രഹീത സാന്നിദ്ധ്യത്തിലും അഭിവന്ദ്യ പ്രസിഡന്റ് മാത്യൂസ് മോർ അഫ്രേം തിരുമേനിയുടെ അദ്ധ്യക്ഷതയിലും ചേർന്ന എം.ജെ.എസ്.എസ്.എ. കേന്ദ്ര സമിതി വളരെ വിശദമായി ഈ വിഷയം ചർച്ചചെയ്യപ്പെടുകയുണ്ടായി. ദിനംപ്രതി നിർമ്മാണ പ്രവർത്തനങ്ങളുടെ ചെലവു വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ എത്രയും വേഗം പണികൾ പൂർത്തിയാക്കേണ്ടതാണെന്നും ബാവാ തിരുമേനി കല്പിച്ചു. അതിനാൽ കൂപ്പൺ കളക്ഷൻ എത്രയും വേഗം പൂർത്തിയാക്കിയും, വ്യക്തികൾ, സംഘടനകൾ, ബഹു.പള്ളികൾ എന്നിവരിൽ നിന്നും സംഭാവനകളായും, മുറികൾ സ്പോൺസർ ചെയ്തും, പലിശ രഹിതമായും, കുറഞ്ഞ പലിശ നിരക്കിലും, വായ്പകൾ വാങ്ങിയും തുകകൾ സമാഹരിച്ച് വേണ്ടി വന്നാൽ കുറഞ്ഞ നിരക്കിൽ ബാങ്കു വായ്പ തരപ്പെടുത്തിയും പണികൾ പൂർത്തിയാക്കുവാൻ എല്ലാ പ്രവർത്തകരും ഉത്സാഹിക്കേണ്ടതാണെന്നും ബാവ കല്പിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര സമിതിയുടെ തീരുമാനപ്രകാരം സൺഡേസ്കൂളുകൾക്ക് ഭദ്രാസന ഡയറക്ടർമാർ വഴി എം.ജെ.എസ്.എസ്.എ. വിതരണം ചെയ്തിട്ടുള്ള ക്യാമ്പ് സൈറ്റ് നിർമ്മാണകൂപ്പൺ പിരിവ് 31.5.18 നകം അവസാനിപ്പിച്ച് തുകകൾ പൂർണ്ണമായും എം.ജെ.എസ്.എസ്.എ.യിൽ അടച്ച് കണക്കുകൾ രേഖാമൂലം എം.ജെ.എസ്.എസ്.എ.യ്ക്കു നൽകേണ്ടതാണ്. സൺഡേസ്കൂളുകൾക്ക് നൽകിയിട്ടുള്ളതും, കളക്ഷൻ നടത്തിയിട്ടുള്ളതും ബാക്കിയുള്ളതുമായ കൂപ്പണുകളുടെ വിവരങ്ങൾ അടങ്ങിയ നിശ്ചിത പ്രഫോർമ്മ ഹെഡ്മാസ്റ്റർമാർ തയ്യാറാക്കി ഡി. ഇൻസ്പെക്ടർമാർ പരിശോധിച്ച്, ഡയറക്ടർമാർ വഴി എം.ജെ.എസ്.എസ്.എ.യിൽ 31.5.18 നകം ലഭിച്ചിരിക്കണം. ഡയറക്ടർമാർക്ക് എം.ജെ.എസ്.എസ്.എ. നൽകിയിട്ടുള്ള കൂപ്പണുകളുടെ കണക്കുകളുമായി ശരിയാണെന്ന് ഉറപ്പു വരുത്തി മാത്രം ജനറൽ സെക്രട്ടറിക്കു അയച്ചു തരേണ്ടതാണ്. കണക്കുകൾ ആഡിറ്റിനു വിധേയമാക്കേണ്ടതാണെന്നറിയാമല്ലോ.

2. ഫണ്ടു സമാഹരണം

നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുവാൻ ഒന്നേ മുക്കാൽ കോടി രൂപ ഇനിയും വേണ്ടി വരും ആയതിനായി സൺഡേസ്കൂളുകൾ, അദ്ധ്യാപകർ, മറ്റ് വ്യക്തികൾ, വിവിധ സംഘടനകൾ, ബഹു. പള്ളികൾ എന്നിവരുടെ സഹായം കൂടിയേ മതിയാകു. പതിനായിരം ക സംഭാവനകളായും, മുറികൾ സ്പോൺസർ ചെയ്യുവാൻ ഒരു ലക്ഷം, രണ്ടു ലക്ഷം എന്നിങ്ങനെ തുകകളും നൽകാവുന്നതാണ്. ഇവരുടെ പേരുകൾ യഥാക്രമം പ്രത്യേകം ഹോളിലും, മുറികളുടെ മുൻപിലും രേഖപ്പെടുത്തി വയ്ക്കുന്നതുമാണ്. വിവിധ ഡിസ്ട്രിക്റ്റുകളിൽ ഇത്തരത്തിൽ സന്ദർശനം നടത്തിയതിൽ വളരെ അനുകൂലമായ സഹകരണമാണ് ഉണ്ടായിട്ടുള്ളത്. ഓരോ ഡിസ്ട്രിക്റ്റുകളിൽ നിന്നും കുറഞ്ഞത് പത്തു പേരെങ്കിലും ഇത്തരത്തിൽ ഉണ്ടാകണമെന്നാണ് എം.ജെ.എസ്.എസ്.എ. ലക്ഷ്യമിടുന്നത്. ആയതിനുള്ള ക്രമീകരണങ്ങൾ ഡി. ഭാരവാഹികളും, ഹെഡ്മാസ്റ്റർമാരും ചെയ്യേണ്ടതാണ്.

3. **ബസ്സേലിയോസ് തോമസ് അക്കാഡമി ഓഫ് എക്സലൻസ്**

സമ്മർ വെക്കേഷനിൽ വിദ്യാർത്ഥികൾക്കായി വിവിധ കോഴ്സുകൾ 2018 ഏപ്രിൽ 30 മുതൽ മെയ് 1,2,3,4 വരെ നടത്തുന്നു. ഈ സുവർണ്ണാവസരം പാഴാക്കാതെ കുട്ടികൾ പ്രയോജനപ്പെടുത്തണമെന്ന് അറിയിക്കുന്നു. ഡോ.കെ.പി.ഔസേപ്പ് (Rtd.I.F.S.) ഡയറക്ടറായും ഈ മേഖലയിൽ പരിചയ സമ്പന്നരും ഉന്നത യോഗ്യതയും ഉള്ള അദ്ധ്യാപകരുമാണ് ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നത്. വിശദമായ അറിയിപ്പ് ഇതോടൊപ്പം അയക്കുന്നു.

കൂടുതൽ വിവരങ്ങൾക്കായി **കോഴ്സ് കോഓർഡിനേറ്റർ**: ഷെവ.അഡ്വ.ബഞ്ചമിൻ പോൾ-9447164841, **ജനറൽ സെക്രട്ടറി**: ഷെവ. എം.ജെ.മർക്കോസ് - 8281325911, സെക്രട്ടറി ശ്രീ.യൽദോ ഐസക് - 9995800045 **എം.ജെ.എസ്.എസ്.എ.** ഫോൺ -0484 2730150 എന്നീ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്. **മുൻകൂട്ടി രജിസ്റ്റർ ചെയ്യുക.**

**mjssahq@gmail.Com**

*മറുപുറം*

**4. ക്ലാസ് 1 മുതൽ 4 വരെയുള്ള പാഠപുസ്തക പരിഷ്ക്കരണം, ചോദ്യപേപ്പർ തയ്യാറാക്കൽ**

പുതിയ പാഠപുസ്തകങ്ങൾ നമ്മുടെ വേദശാസ്ത്രം അടിസ്ഥാനമാക്കിയുള്ളതും ശിശുകേന്ദ്രീകൃതവും ജീവിതഗന്ധിയുമാണ്. കുട്ടികൾക്ക് ആകർഷണീയമായ കളറിംഗും, ചെറുകഥ,കവിത,നാടകം തുടങ്ങിയ ഉപാധികളിലൂടെ ക്രിസ്തുവിനെ പരിചയപ്പെടുത്തുവാനാണ് ശ്രമിച്ചിട്ടുള്ളത്. പാഠഭാഗം പഠിപ്പിക്കുമ്പോൾ പ്രസ്തുത പാഠം ആ ക്ലാസിലെ കുട്ടിയെന്തിന് പഠിക്കണമെന്നും അതുകൊണ്ട് ആ വിദ്യാർത്ഥി നിത്യജീവിതത്തിൽ എങ്ങനെ പെരുമാറണമെന്ന ആശയവും കൃത്യമായി പറഞ്ഞു കൊടുക്കുന്നതിനു പരിശ്രമിച്ചാലെ ഈ പുസ്തകം വിജയപഥത്തിലെത്തു. ഒരു പാഠം മൂന്നു ദിവസങ്ങളിലായി പഠിപ്പിക്കത്തക്കവണ്ണമാണ് ക്രമീകരിച്ചിട്ടുള്ളത്. പാഠഭാഗം പഠിപ്പിക്കുന്ന അദ്ധ്യാപകൻ ക്ലാസ്സിൽ പോകുന്നതിന് മുമ്പായി പാഠങ്ങൾ നന്നായി വായിച്ച് മനസ്സിലാക്കിയാൽ മാത്രമെ ബോധന പ്രക്രിയ വിജയത്തിലെത്തു. ഓരോ പാഠത്തിലും ചേർത്തിട്ടുള്ള ആക്ടിവിറ്റിസ് (പ്രവർത്തനങ്ങൾ) ഒരു ഉദാഹരണം മാത്രമാണ്. ഇതുപോലെ മറ്റ് അനേകം പ്രവർത്തനങ്ങൾ അദ്ധ്യാപകർക്ക് കൂട്ടിച്ചേർക്കാവുന്നതാണ്. പ്രിയമായവരെയും മാതാപിതാക്കളേയും അദ്ധ്യാപകരേയും ആത്മീയ സ്ഥാനികളേയും കരുതുവാനും സ്നേഹിക്കുവാനും സഹായകരമായ ഉദാഹരണങ്ങൾ നൽകിയിട്ടുണ്ട്. ഇല്ലാത്തവനും സമസൃഷ്ടിയാണെന്ന ബോധ്യം കുട്ടികളിൽ വളർത്തിയെടുക്കുവാൻ അദ്ധ്യാപകർക്ക് കഴിയണം. ചില അഭിമുഖങ്ങൾ, വൈദീകരേയോ മദ്ബഹാ ശുശ്രൂഷകരേയോ മുൻകൂട്ടിയറിയിച്ച് നടത്തുന്നതായിരിക്കും അഭികാമ്യം. എല്ലാ ക്ലാസ്സിലേയും 13-ാമത്തെ പാഠം ഒരു ധാർമ്മിക മൂല്യം കുട്ടികളിൽ ജനിപ്പിക്കുന്നതിനാണ് തയ്യാറാക്കിയിട്ടുള്ളത്. അതൊരു ബൈബിൾ സംഭവത്തെ ആസ്പദമാക്കിയിട്ടുള്ളത് ആകണമെന്നില്ല. പുസ്തകത്തിലെ ഓരോ പാഠവും ആരംഭിക്കുന്നത് അറിയാവുന്ന ഒരു കാര്യം അവതരിപ്പിച്ച് , വിദ്യാർത്ഥിയെ അവന് അറിവില്ലാത്ത ഒരു കാര്യം എളുപ്പത്തിൽ പഠിപ്പിക്കുകയെന്ന തരത്തിലാണ് ക്രമീകരിച്ചിട്ടുള്ളത്. നാലാം ക്ലാസ്സിലെ സഭാചരിത്രം ഒരു അന്വേഷണ പ്രൊജക്റ്റായി ആണ് അവതരിപ്പിച്ചിട്ടുള്ളത്. ദൈവമാതാവിന്റെയും സഹദേന്മാരുടേയും പരിശുദ്ധന്മാരുടേയും വിവരണമാണ് വിദ്യാർത്ഥി സ്വരൂപിക്കേണ്ടത്. ആയത് തയ്യാറാക്കുമ്പോൾ ആ കുട്ടിയുടെ ഇടവക പള്ളി ആരുടെ നാമത്തിലാണോ; ആ പരിശുദ്ധന്റെ ഒരു വിവരണം നിർബന്ധമായും ചേർക്കുവാൻ പരിശ്രമിക്കണമെന്ന് അറിയിക്കുന്നു.

പരീക്ഷകൾക്കുള്ള മോഡൽ ചോദ്യപേപ്പറുകൾ എം.ജെ.എസ്.എസ്.എ.യിൽ നിന്ന് നേരിട്ടും വെബ്സൈറ്റിൽ നിന്നും ലഭിക്കുന്നതാണ്.

**5. അർദ്ധവാർഷിക പരീക്ഷ**

ഒന്നു മുതൽ 4 വരെയുള്ള ക്ലാസ്സുകളിലെ അർദ്ധവാർഷിക പരീക്ഷ മേൽ കാണിച്ചിട്ടുള്ളതു പ്രകാരവും മറ്റു ക്ലാസ്സുകളിലേത് മുൻ പതിവുപോലെയും സമയബന്ധിതമായി നടത്തുന്നതിൽ എല്ലാ ഭാരവാഹികളും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

**6. ജെ.എസ്.വി.ബി.എസ്./ ഡേ ഓഫ്ഗിവിംഗ്**

പരിഷ്ക്കരിച്ച പാഠപുസ്തകങ്ങൾ, 30 ഗാനങ്ങൾ അടങ്ങുന്ന പാട്ടു പുസ്തകം, സി.ഡി.എന്നിവയാണ് ഈ വർഷം ജെ.എസ.വി.ബി.എസിനായി ക്രമീകരിച്ചിട്ടുള്ളത്. ജെ.എസ്.വി.ബി.എസ്. ഡേ ഓഫ് ഗിവിംഗിലൂടെ ലഭിക്കുന്ന തുകയാണല്ലോ പ്രധാനമായും എം.ജെ.എസ്.എസ്.എ. ചാരിറ്റി പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുന്നത്. ഈ ഇനത്തിൽ കഴിഞ്ഞ വർഷം ഒരു ലക്ഷം ക സമാഹരിച്ച് മുന്നിൽ നിൽക്കുന്നത് കുറുപ്പംപടി ഡിസ്ട്രിക്റ്റാണ്. വിദേശ രാജ്യങ്ങളിൽ നടക്കുന്ന വിബിഎസിൽ ഡേ ഓഫ് ഗിവിംഗ് ഇനത്തിൽ നല്ലൊരിനം തുക എം.ജെ.എസ്.എസ്.എ.യ്ക്കു ലഭിക്കുന്നുണ്ട്. ഈ വർഷം ഷാർജ സെന്റ് മേരീസ് സൺഡേസ്കൂൾ 1,35,166 ക കളക്റ്റ് ചെയ്തിട്ടുള്ളതാണ്. ഡേ ഓഫ് ഗിവിംഗ് തുക പരമാവധി കളക്റ്റ് ചെയ്തെടുക്കുന്നതിൽ എല്ലാ വി.ബി.എസ്. കേന്ദ്രങ്ങളും, ഭാരവാഹികളും, പ്രത്യേകം ശ്രദ്ധിക്കണമെന്ന് അറിയിക്കുന്നു

**7. ആത്മദീപം**

എം.ജെ.എസ്.എസ്.എ. യുടെ നാവായ ആത്മദീപം മാസികയുടെ പ്രചരണ മാസങ്ങളായിരുന്നു ജനുവരി, ഫെബ്രുവരി, മാർച്ച്. ടി പ്രചരണ കാലാവധി ഏപ്രിൽ 30 വരെ ദീർഘിപ്പിച്ചിട്ടുള്ളതാണ്. നമ്മുടെ സൺഡേസ്കൂളുകളിൽ പുതുതായി ചേർന്നിട്ടുള്ള കുട്ടികൾ ഉൾപ്പെടെ എല്ലാ കുട്ടികളും, അദ്ധ്യാപകരും, നിർബന്ധമായും ആത്മദീപം വരിക്കാരാകുന്നതിൽ ഹെഡ്മാസ്റ്റർമാരും ആത്മദീപം ഓർഗനൈസർമാരും പ്രത്യകം ശ്രദ്ധിക്കണമെന്ന് അറിയിക്കുന്നു. ഓരോ സൺഡേസ്കൂളുകളും പരമാവധി വരിക്കാരെ ഏപ്രിൽ 30 നകം ചേർത്ത് വിവരം ഓർഗനൈസർമാർ വഴി എം.ജെ.എസ്.എസ്.എ. യിൽ എത്തിക്കേണ്ടതാണ്. പേര്, വിലാസം, ഫോൺ നമ്പർ, പുതുക്കേണ്ട തീയതി എന്നീ വിവരങ്ങൾ അടങ്ങിയ വരിക്കാരുടെ പ്രത്യേക രജിസ്റ്റർ ഓരോ സൺഡേസ്കൂളുകളിലും സൂക്ഷിക്കേണ്ടതാണ്.

**8. ഭദ്രാസന പ്രവർത്തന റിപ്പോർട്ടുകൾ**

എം.ജെ.എസ്.എസ്.എ. വാർഷിക റിപ്പോർട്ടിൽ ചേർക്കുന്നതിനായി എല്ലാ ഭദ്രാസനങ്ങളുടേയും 2017-18 ലെ പ്രവർത്തന റിപ്പോർട്ടുകൾ 25.4.18 നകം എം.ജെ.എസ്.എസ്.എ. ജനറൽ സെക്രട്ടറിക്കു ലഭിച്ചിരിക്കേണ്ടതാണ്. അപ്രകാരം ലഭിക്കാത്തവ റിപ്പോർട്ടിൽ ചേർക്കുവാൻ സാധിക്കാതെ പോകുമെന്നുള്ള കാര്യം ഓർമ്മിപ്പിക്കുന്നു.

എം.ജെ.എസ്.എസ്.എ. യുടെ എല്ലാ പ്രവർത്തനങ്ങളിലും നിങ്ങളേവരുടേയും ആത്മാർത്ഥമായ പ്രാർത്ഥനയും സഹകരണവും ഉണ്ടാകണമെന്നഭ്യർത്ഥിക്കുന്നു.

സ്നേഹാദരങ്ങളോടെ
കർത്താവിൽ എളിയ ശുശ്രൂഷകൻ

**ഷെവ. എം.ജെ.മർക്കോസ്**
**ജനറൽ സെക്രട്ടറി (0485-2246211)**
**MOB: 9745046911, 8281325911**